കാർഷിക ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള കനാലുകൾ

100 (1828) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള കനാലുകളിൽ എത്രയെണ്ണം ഇപ്പോൾ ഉപയോഗപ്രദമാണെന്നും ഉപയോഗിക്കുന്നുണ്ടെന്നുമുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര കനാലുകൾ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ; എത്ര ലിഫ്ട് ഇറിഗേഷൻ കനാലുകൾ ഇപ്പോൾ പ്രവർത്തിക്കാതെയുണ്ട് ;

(സി) കുടിവെള്ളക്ഷാമം നേരിടുന്ന ഈ അവസരത്തിൽ എത്ര കനാലുകളിലെ വെള്ളം കുടിവെള്ളത്തിനായി ഉപയോഗിക്കാവുന്നതാണ് എന്ന് പഠനം നടത്തുമോ ?

ഉത്തരം

(എ) കാർഷിക ആവശ്യത്തിനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ കനാലുകൾ എല്ലാം തന്നെ ഉപയോഗപ്രദമാണ്. ചില കനാലുകൾ അറ്റകുറ്റ പണി നടത്തി പുനരുദ്ധരിക്കേണ്ടതുണ്ട്. ഇത് മലബാർ പാക്കേജിലും മറ്റും ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനെപ്പറ്റി പ്രത്യേകമായി പഠനം നടത്തിയിട്ടില്ല.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾ ചില സ്ഥലങ്ങളിൽ പമ്പുകളുടേയും മോട്ടോറുകളുടേയും കേടുപാടുകൾ കാരണം പ്രവർത്തിക്കാതെ കിടന്നിരുന്നു. ഇവ ഇപ്പോൾ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കൃഷി നടക്കാതിരുന്ന പല സ്ഥലങ്ങളിലും കൃഷി പുനരാംരംഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഇപ്പോൾ കനാലുകളിൽ വെള്ളം എത്തിക്കുന്നുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന കനാലുകളുടെ കണക്ക് എടുത്തിട്ടില്ല.

(സി) ജലസേചന കനാലുകളിൽ കാർഷിക കലണ്ടർ പ്രകാരമാണ് ജല വിതരണം നടത്തുന്നത്. ജലവിതരണം നടക്കുന്ന അവസരങ്ങളിൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് വർദ്ധിച്ചും കനാലുകളിൽനിന്ന് നേരിട്ടും കുടിവെള്ള ആവശ്യത്തിന് ജലം ലഭ്യമാകുന്നുണ്ട്. കനാലുകളിൽകൂടി കുടിവെള്ള ആവശ്യത്തിനായി ജലവിതരണം നടത്തുന്നത് പ്രായോഗികമല്ല.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി നാശനഷ്ടം സംഭവിക്കുന്ന കുടിവെള്ള പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

101 (1829) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുറംബണ്ട് നിർമ്മാണം ആരംഭിക്കുമ്പോൾ നാശനഷ്ടം സംഭവിക്കുന്ന കുടിവെള്ള പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly